Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 23.08.2016

# ദലിത് കാത്തലിക് മഹാജനസഭ സംസ്ഥാനസമ്മേളനം

കൊച്ചി: കെസിബിസിയുടെ ഔദ്യോഗിക ദലിത് പ്രസ്ഥാനമായ ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) സംസ്ഥാന സമിതിയുടെ സമ്മേളനം 2016 ആഗസ്റ്റ് 23, 24 തീയതികളിൽ പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നടക്കുന്നു. സമീപകാല ഭാരതത്തിൽ വർദ്ധിച്ചുവരുന്ന ദലിത് വിരുദ്ധ നിലപാടുകളുടെ പശ്ചാത്തലത്തിൽ ദലിത് ക്രൈസ്തവരോട് സർക്കാരും സമൂഹവും കാട്ടുന്ന ജാതി -മത വിവേചനത്തിനും നീതി നിഷേധത്തിനും എതിരെ സഭയുടെയും പൊതുസമൂഹത്തിന്റെയും മനസ്സാക്ഷി ഉണർത്തുക എന്നതാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം.

24-ന് രാവിലെ 10-ന് നടക്കുന്ന പൊതുസമ്മേളനം ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് ബി. കെമാൽ പാഷ ഉദ്ഘാടനം ചെയ്യും. ആർച്ചുബിഷപ് മാർ ജോസഫ് പൗവ്വത്തിൽ മുഖ്യപ്രഭാഷണം നടത്തും. കെസിബിസി എസ്.സി/എസ്.റ്റി./ബി.സി. കമ്മീഷൻ ചെയർമാൻ റൈറ്റ് റവ. ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ അനുഗ്രഹപ്രഭാഷണം നടത്തും. ദലിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാന പ്രസിഡന്റ് ശ്രീ അംബി കുളത്തൂർ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ വൈസ് ചെയർമാന്മാരായ റൈറ്റ് റവ. ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്, മാർ ജേക്കബ് മുരിക്കൻ എന്നിവർ സന്ദേശം നല്കും. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, സിബിസിഐ എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ സെക്രട്ടറി റവ. ഫാ. സഹായരാജ്, ഡി.സി.എം.എസ്. വൈസ്പ്രസിഡന്റ് ശ്രീ. സ്കറിയ ആന്റണി, ട്രഷറർ ശ്രീ. ജോർജ് എസ്. പള്ളിത്തറ, ഓർഗനൈസർ ശ്രീ. വിൻസന്റ് ആന്റണി എന്നിവർ നേതൃത്വം നല്കും.

**ഫാ. ഷാജ്കുമാർ**
സെക്രട്ടറി, എസ്.സി/എസ്.റ്റി./ബി.സി. കമ്മീഷൻ